**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2704** **06-10-2025 - ൽ മറുപടിയ്ക്ക്**

**ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ അപ്പർ ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ വിശദാംശവും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ; | (എ) | ചെങ്കുളം ഓഗ്മെന്റേഷൻ സ്കീം, പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60MW) എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തതിനു ശേഷം ചെങ്കുളം ബാലൻസിംഗ് റിസർവോയറിൽ ലഭ്യമാകുന്ന മിച്ച ജലം വിനിയോഗിക്കുന്നതിനായി അപ്പർ ചെങ്കുളം ജലവൈദ്യുത പദ്ധതി (24 MW) വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതിയിൽ നിന്നും പ്രതീക്ഷിക്കുന്ന വാർഷിക ഉത്പാദനം 53.22 ദശലക്ഷം യൂണിറ്റ് ആണ്. പ്രസ്തുത പദ്ധതി ഇടുക്കി ജില്ലയിൽ, ദേവികുളം താലൂക്കിൽ, വെള്ളത്തൂവൽ, കുഞ്ചിത്തണ്ണി വില്ലേജുകൾ, വെള്ളത്തൂവൽ പഞ്ചായത്തിൽ ആണ് സ്ഥിതി ചെയ്യുന്നത്. പദ്ധതിക്കായി 330 കോടി രൂപയുടെ ഭരണാനുമതിയുള്ള പദ്ധതിയുടെ സിവിൽ പ്രവൃത്തികളുടെ കരാർ തുക 154 കോടി രൂപയാണ്. 22.05.2024 തീയതിയിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കരാറനുസരിച്ച് സിവിൽ പ്രവൃത്തികളുടെ കാലാവധി 19.04.2028-നാണ് അവസാനിക്കുന്നത്. ഇലക്ട്രോ-മെക്കാനിക്കൽ പ്രവർത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. നിലവിൽ പദ്ധതിയുടെ പുരോഗതി 5.69 % ആണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വീടും സ്ഥലവും നഷ്ടപ്പെടുന്നവരുടെ പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ അപ്പർ ചെങ്കുളം ജലവൈദ്യുത പദ്ധതിക്കു വേണ്ടി പ്രദേശവാസികളുടെ 3.6647 Ha ഭൂമി ഏറ്റെടുത്തിട്ടുള്ളതാണ്. കൂടാതെ പവർ ഹൗസ്, സർജ് എന്നിവിടങ്ങളിലെ പദ്ധതി പ്രദേശത്തോടു ചേർന്നുള്ള 5 സമീപവാസികളെ, പ്രതിമാസ വാടക നൽകിക്കൊണ്ട് മാറ്റി താമസിപ്പിച്ചിട്ടുള്ളതാണ്. അപകടരഹിതവും പ്രകമ്പനം കുറഞ്ഞതുമായ ബ്ലാസ്റ്റിംഗ് പാറ്റേൺ ലഭിക്കുന്നതിനായി CSIR (CENTRAL INSTITUTE OF MINING AND FUEL RESEARCH), Barwa Road, Dhanbad എന്ന ഏജൻസിയെ സമീപിക്കുകയും 2025 ഓഗസ്റ്റ് 14 മുതൽ 2025 സെപ്റ്റംബർ 02 വരെ പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിൽ പ്രസ്തുത ഏജൻസി ട്രയൽ ബ്ലാസ്റ്റിംഗ് നടത്തുകയും ചെയ്തിരുന്നു. എന്നാൽ ആഡിറ്റ്, സർജ് എന്നീ പ്രദേശത്തെ പ്രദേശവാസികളുടെ എതിർപ്പ മൂലം ട്രയൽ ബ്ലാസ്റ്റിംഗ് പൂർത്തിയാക്കുവാൻ സാധിച്ചില്ല. ഇൻടേക്ക്, ടണൽ, പവർ ഹൗസ് എന്നിവിടങ്ങളിലെ ബ്ലാസ്റ്റിംഗ് പാറ്റേൺ പ്രകാരം പാറപൊട്ടിക്കൽ പ്രവൃത്തികൾ തുടരുകയാണ്. ആഡിറ്റ്, സർജ് എന്നീ പദ്ധതി പ്രദേശത്തെ പ്രദേശവാസികളുടെ എതിർപ്പുകൾക്ക് തീരുമാനം എടുക്കുവാൻ സ്ഥലം എം എൽ എയുടെ സാന്നിധ്യത്തിൽ സെപ്റ്റംബർ 23 -ാം തീയതി ചർച്ച നടത്തി. ആ യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് പാറ പൊട്ടിക്കുമ്പോൾ ഉണ്ടാകുന്ന പ്രകമ്പനത്തിന്റെ തോത് അനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകളും സർവേയും നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ